**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 2670

06.11.2019 ലെ മറുപടിയ്ക്ക്.

**കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിലേക്ക് റോഡുകൾ**

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി കോളനികളിലേക്കുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2018-19, 2019-20 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2018-19 വർഷം 1,41,55,486/- രൂപയുടെ പ്രവൃത്തികൾക്ക് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-20 വർഷം ഭരണാനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കോർപ്പസ് ഫണ്ടിൽ തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | 2014-15 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലാതലത്തിൽ വിനിയോഗിക്കണം എന്നും ഇതിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലയിൽ നടപ്പിലാക്കണം എന്നും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>**കുടിവെള്ള പദ്ധതി**<br>പട്ടികജാതി വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗങ്ങൾക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി. ഗുണഭോക്തൃലിസ്റ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.<br>**<u>ഗതാഗത സൗകര്യ വികസനം:-</u>** കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണഭിത്തി, കലുങ്ക് എന്നിവ മാത്രം ജില്ലാ പട്ടികജാതി വികസന ഓഫീസർ ആ പ്രവർത്തിയുടെ ഫീസിബിലിറ്റി ഉറപ്പാക്കിയശേഷം മാത്രം നടപ്പിലാക്കുക<br>**<u>വൈദ്യുതി വിതരണം:-</u>** പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴിവിളക്കുകൾ എന്നിവ മാത്രം<br>**<u>വിദ്യാഭ്യാസം:-</u>** പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്രപുരോഗതിക്ക് ഉതകുന്ന പ്രോജക്ടുകൾ DIET ന്റെ സഹായത്തോടെ തയ്യാറാക്കി |

| | | | |
|---|---|---|---|
| | | | ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്താവുന്നതാണ്.<br>നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടകപദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്റ്റ് പൂർത്തിയാക്കുകയും എന്നാൽ എതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്റ്റ് കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്.<br>25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും, അനുബന്ധരേഖകളും സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശുപാർശയോടെ ലഭ്യമാക്കുമ്പോൾ സർക്കാർ അനുമതി നൽകി വരുന്നു. |
| (സി) | കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഈ ഇനത്തിൽ ഏതെങ്കിലും പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കോർപ്പസ് ഫണ്ട് ഇനത്തിൽ 2018-19 വർഷത്തിൽ കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ചെറുവറ്റ ഐ.എച്ച്ഡി.പി കോളനി റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (48,213/-രൂപ). ചുടലക്കി മാത്തോട്ടം എസ്.സി. കോളനി കിണർ ആഴം കൂട്ടൽ (2,10,000,/-രൂപ) എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകി നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ